തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പദ്ധതി

88 [2588] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെയും തീരദേശമേഖലയുടെയും സമഗ്ര വികസനത്തിനുതകുന്ന തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പദ്ധതി യുദ്ധകാലാടി സ്ഥാനത്തിൽ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി വിലയിരുത്തുന്നതിനും ആക്കം കൂട്ടുന്നതിനും വേണ്ടി ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഗവേണിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) പരിഗണിക്കാവുന്ന നിർദ്ദേശമാണ്.

ടേബിൾ ടെന്നീസിന് സ്പോർട്ട്സ് അക്കാഡമി തുടങ്ങുവാൻ നടപടി

89 [2592] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 4 പ്രധാന ജില്ലകൾ തെരഞ്ഞെടുത്ത് ടേബിൾ ടെന്നീസിന് സ്പോർട്ട്സ് അക്കാഡമി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടേബിൾ ടെന്നീസിൽ കേരളത്തിന് എത്ര കോച്ചുകൾ ഉണ്ട്; ആരൊക്കെ; ഇവർ കഴിഞ്ഞ 5 വർഷങ്ങളായി എവിടെയാക്കെ ജോലിചെയ്യുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കോച്ചുകൾ എല്ലാ ജില്ലകളിലും പരിശീലനം നൽകാൻ മതിയാകുമോ;

(ഡി) ഇല്ലെങ്കിൽ പുതിയ കോച്ചുകളെ സംസ്ഥാനത്തിന് വെളിയിൽ നിന്ന് കൊണ്ടുവന്ന് കോച്ചിംഗ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കഴിഞ്ഞ 3 വർഷങ്ങളായി ടേബിൾ ടെന്നീസിൽ കേരളത്തിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്; സ്കൂൾ തലത്തിലും കോളേജ് തലത്തിലും സീനിയർ തലത്തിലും വിവരിക്കുമോ;

(എഫ്) ഇനിവരുന്ന നാഷണൽ ഗെയിംസിൽ പങ്കെടുക്കാൻ കേരള പുരുഷ, വനിതാ ടീമുകൾക്ക് സാധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly